പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2476

07/02/2019 ൽ മറുപടിക്ക്

## കെയർ ഹോം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
| എ) | പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വെച്ച് നൽകുന്നതിനായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന കെയർ ഹോം പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | മഹാപ്രളയത്തിൽ വീടു തകർന്നു പോയവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകുന്ന കെയർഹോം പദ്ധതി പ്രകാരം സംസ്ഥാനത്ത് ആദ്യ ഘട്ടത്തിൽ 2000 വീടുകളാണ് സഹകരണ വകുപ്പ് നിർമ്മിച്ചു നൽകുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും, സഹകരണ വകുപ്പിന്റെ തുകയും ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ഒരു വീടു നിർമ്മിക്കുന്നതിനായി ചെലവഴിക്കുന്നത്. ഗുണഭോക്താക്കളെ നിശ്ചയി ച്ചിട്ടുള്ളത് റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹകരണ ത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് . കെയർഹോം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ പറയുന്നു.<br><br><u>1. ഗുണഭോക്താക്കളെ നിശ്ചയിക്കുക</u><br>ദുരന്ത പുനരധിവാസ ഭവന നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന ഭവന പുനർ നിർമ്മാണം 2 തരത്തിലാണ് നടപ്പിലാക്കുന്നത്.<br>1. സർക്കാർ പ്രഖ്യാപിച്ച ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം ഉത്തരവാദിത്വത്തോടെ വീടു നിർമ്മാണം ഏറ്റെടുക്കുക<br>2. സർക്കാർ മേൽ നോട്ടത്തിലൂടെ ഭവന നിർമ്മാണം |

നടത്തുക

ഇതിൽ സർക്കാർ മേൽനോട്ടത്തിൽ നടത്തുന്ന ഭവന നിർമ്മാണമാണ് കെയർഹോം പദ്ധതി.

2. പദ്ധതി നിർവ്വഹണ രീതി

സംസ്ഥാനതല നിർവ്വഹണ സമിതി (പി.ഐ.യു) അംഗീകരിച്ച് നൽകുന്ന സഹകരണ സ്ഥാപനങ്ങളിലൂടെയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. നിർമ്മാണത്തിൽ സുതാര്യതയും, ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി ഒരു ഗുണഭോക്തൃ സമിതി രൂപീകരിക്കും. സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കും.

1. നിർമ്മാണ ഏജൻസിയായി തിരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘത്തിന്റെ പ്രസിഡന്റും ഒരു ഭരണ സമിതി അംഗവും.
2. സഹകരണ സംഘം സെക്രട്ടറി.
3. ഗുണഭോക്താവ്.
4. ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രതി നിധിയും ജില്ലാ കളക്ടറുടെ പ്രതിനിധിയും.

നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത പ്രാദേശിക സഹകരണ സംഘത്തിന്റെ സെക്രട്ടറിയാണ് ഗുണഭോക്തൃ സമിതിയുടെ സെക്രട്ടറി.

ഗുണഭോക്താവിനു വേണ്ടി പദ്ധതി നിർവ്വഹണം ഏറ്റെടുക്കുമ്പോൾ നിർമ്മാണത്തിനായി നിഷ്കർഷിക്കപ്പെട്ടിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി വിശദമായ പരിശോധന നടത്തി ശരിയായ വിലയിരുത്തലിനു ശേഷം ജില്ലാതല നിർവ്വഹണ സമിതിക്ക് ഇതു സംബന്ധിച്ച റിപ്പോർട്ട് ഗുണഭോക്തൃ സമിതിയിലെ സഹകരണ സംഘം മുഖേന സമയ ബന്ധിതമായി നൽകേണ്ടതാണ്.

ബന്ധപ്പെട്ട ഗുണഭോക്താവ്, നിർവ്വഹണത്തിനായി നിർമ്മാണ ഏജൻസിയായ സംഘം

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന ജില്ലാ സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. പ്രസ്തുത ബാങ്ക് അക്കൗണ്ട് ഗുണഭോക്തൃ സമിതി സെക്രട്ടറിയും ബന്ധപ്പെട്ട ഗുണഭോക്താവും ചേർന്ന് പ്രവർത്തിപ്പിക്കണം.<br>പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവർ സാമ്പത്തികമായും അല്ലാതെയും നൽകുന്ന സഹായം ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്.<br>കെയർഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ നിർമ്മിക്കുന്ന 2000 വീടുകളിൽ 1555 ഗുണഭോക്താക്കൾ ധാരണാപത്രത്തിൽ ഒപ്പു വയ്ക്കുകയും അവരിൽ 1447 പേർ തറക്കല്ലിടീൽ നടത്തുകയും ചെയ്തിട്ടുണ്ട്. 1374 ഗുണഭോക്താക്കൾക്ക് വീടുകളുടെ പ്ലാനുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. 1307 ഗുണഭോക്താക്കൾ അടിസ്ഥാന നിർമ്മാണം പൂർത്തീകരിക്കുകയും അവരിൽ 343 പേർ ലിൻഡൽ ലെവൽ വരെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 172 പേർ വീടുകളുടെ കോൺക്രീറ്റ് (വാർക്ക) നടത്തിക്കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |
| ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ? | ബി) | കെയർഹോം പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നാണ്. |

സെക്ഷൻ ഓഫീസർ